# വെളിമുക്ക് ക്രസൻറ് ജേതാക്കൾ

കോഴിക്കോട്: ആഴ്സണൽ-ടാറ്റ ടീ സോക്കർ സ്റ്റാർസ് സംസ്ഥാന സ്കൂൾ ടൂർണമെൻറിൽ വെളിമുക്ക് ക്രസൻറ് റെസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂൾ ജേതാക്കളായി. രണ്ടിനെതിരെ മൂന്ന് ഗോളിന് ഇവർ ഈങ്ങാപ്പുഴ എം.ജി.എം ഹയർ സെക്കൻഡറിസ്കൂളിനെ തോൽപിച്ചു. ഇരു ടീമിനെയും കൊൽക്കത്തയിൽ നടക്കുന്ന ഇൻറർസോൺ മൽസരത്തിൽ പങ്കെടുപ്പിക്കും. മികച്ച പ്രകടനം കാഴ്ചവെച്ച വെളിമുക്ക് ക്രസൻറ് റെസിഡൻഷ്യൽ സ്കൂളിലെ സജീർ, മലപ്പുറം എം.എസ്.പി എച്ച്.എസ്.എസിലെ സമീർ, ഹിദായത്തുൽ ഇസ്ലാം എച്ച്എസ്.എസിലെ അഷ്റഫ് എന്നിവരെ ദേശീയ ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു.